# Athmaraksha.org

കുടുംബപ്രാർത്ഥനകൾ

## തിരുക്കുടുംബത്തോടുള്ള ഫ്രാൻസിസ് പാപ്പായുടെ പ്രാർത്ഥന-Holy family



### തിരുക്കുടുംബത്തോടുള്ള ഫ്രാൻസിസ് പാപ്പായുടെ പ്രാർത്ഥന

ഈശോ മറിയം ഔസേപ്പേ, നിങ്ങളിലാണ് യഥാർത്ഥ സ്നേഹത്തിന്റെ സൗന്ദര്യം ഞങ്ങൾ ദർശിക്കുന്നത്. അതിനാൽ ശരണത്തോടെ ഞങ്ങൾ നിങ്ങളുടെ പക്കലേക്ക് തിരിയുന്നു. നസ്രത്തിലെ തിരുക്കുടുംബമേ, പ്രാർത്ഥനയുടെയും പരസ്പര സ്നേഹത്തിന്റെയും ഭവനങ്ങളാകാൻ ഞങ്ങളുടെ കുടുംബങ്ങളെ അനുഗ്രഹിക്കണമേ. അങ്ങനെ സുവിശേഷ ജീവിതത്തിന്റെ ആധികാരിക പരിശീലനക്കളരികളും ഗാർഹിക സഭകളുമാകാൻ ഞങ്ങളെ സഹായിക്കണമേ.

നസ്രത്തിലെ തിരുക്കുടുംബമേ, ഒരു കുടുംബവും ഒരിക്കലും ആക്രമവും പരിത്യക്തതയും അനൈക്യവും അനുഭവിക്കാതിരിക്കട്ടെ. മുറിവേറ്റവരും അപമാനിക്കപ്പെട്ടവരും ആശ്വാസവും സൗഖ്യവും കണ്ടെത്താൻ ഇടവരുത്തണമേ.

നസ്രത്തിലെ തിരുക്കുടുംബമേ, കുടുംബത്തിന്റെ പരിശുദ്ധിയേയും അവിഭാജ്യതയേയും ദൈവിക പദ്ധതിയിലുള്ള അതിന്റെ മനോഹാരിതയെയും കുറിച്ച് അടുത്തുവരുന്ന മെത്രാൻ സിനഡ് ഞങ്ങളെ ഓർമ്മപ്പെടുത്തട്ടെ. ഈശോ മറിയം യൗസേപ്പേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ, ആമ്മേൻ.

+++